പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2099 — 19.06.2012-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | നാഷണൽ ഗെയിംസിന്റെ ഭാഗമായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പണി ധൃതഗതിയിൽ നടന്നുവരുന്നു. ഏകദേശം 70 ശതമാനം പണികളും പൂർത്തിയായി. ഹാളിലെ ഫ്ളോറിംഗ്, സൗണ്ട് പ്രൂഫിംഗ് (അകൗസ്റ്റിക്സ്) സിസ്റ്റം, ഹോസ്റ്റൽ ബ്ലോക്കിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും ഇലക്ട്രിക്കൽ പണികൾ രണ്ട് ഔട്ട്ഡോർ കോർട്ടുകൾ എന്നീ പണികൾ മാത്രമേ ഇനി പൂർത്തിയാക്കാനുള്ളു. ഇവയുടെ നിർമ്മാണം അടിയന്തിരമായി തീർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; | (ബി) | സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എത്ര തുകയാണ് നവീകരണത്തിന് വേണ്ടി ചെലവാക്കുന്നത് എന്നും ഇത് വരെ എത്ര തുക ചെലവാക്കിയിട്ടുണ്ട് എന്നും അറിയിക്കുമോ : | (സി) | 564.70 ലക്ഷം രൂപ ചെലവ് വരുന്ന നവീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതുവരെ 425.55 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റാണ് മേൽനോട്ടം വഹിക്കുന്നത്. ഇതിന്റെ കൺസൾട്ടന്റായി ബി.എസ്.എൻ.എൽ സിവിൽ എഞ്ചിനീയറിംഗ് വിംഗിനെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ